അനുയോജ്യവും നിയമാനുസൃതവുമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് പിഴപലിശ, നോട്ടീസ് ചാർജ്ജ്, കേസ് ചെലവുകൾ എന്നിവ ഒഴിവാക്കി പലിശ കുറച്ച് വായ്പ കണക്ക് അവസാനിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സഹകരണ ഗ്രാമവികസന ബാങ്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലും പ്രാഥമിക ബാങ്കുകൾ സ്വന്തം നിലയിലും ഇളവുകൾ നൽകുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടികൾ

13 (4068) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക് ഏകീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(ബി) കാർഷിക ലോണുകൾ നൽകാത്ത സഹകരണ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവയുടെ പേരു വിവരങ്ങൾ ലഭ്യമാക്കുമോ ; എന്തുകൊണ്ടാണ് കാർഷിക വായ്പ നൽകാത്തത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും സഹകരണ വകുപ്പു സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും നബാർഡ് പ്രതിനിധിയും, കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റും, മാനേജിംഗ് ഡയറക്ടറും, ജില്ലാ സഹകരണ ബാങ്കുകളിലെ പ്രസിഡന്റുമാരും, ജനറൽ മാനേജർമാരും, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ പ്രതിനിധികളും, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാനും അംഗങ്ങളായിട്ടുള്ള സെൻട്രൽ ബാങ്ക്സ് കോൺഫറൻസാണ് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക് കാലാകാലങ്ങളിലായി നിശ്ചയിക്കുന്നത്. ടി സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ പലിശ നിരക്കുകൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും മറ്റ് ദേശസാൽകൃത ബാങ്കുകളുടേയും/ വാണിജ്യ ബാങ്കുകളുടെയും പലിശ നിരക്കുകൾ കൂടി കണക്കിലെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ പലിശ നിരക്കുകൾ നിശ്ചയിക്കുകയും ചെയ്യുന്നു. സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും വിതരണം ചെയ്യുന്ന വായ്പകളുടെയും പലിശ നിരക്ക് നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2009-10 വർഷത്തിൽ കാർഷിക ലോണുകൾ നൽകാത്ത കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

എറണാകുളം ജില്ല

1. കൊച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 760.

2. തിരുവാങ്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 26

3. കൊച്ചിൻ സിറ്റി സർവ്വീസ് സൊസൈറ്റി ക്ളിപ്തം നമ്പർ ഇ.1101.

ഇടുക്കി ജില്ല

1. കോവിലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ കെ. 257

2. വട്ടവട സഹകരണ സംഘം ക്ളിപ്തം നമ്പർ ഐ. 615.

ആലപ്പുഴ ജില്ല

1. ചേർത്തല താലൂക്ക് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ളിപ്തം നമ്പർ എച്ച്. ഡബ്ളിയു.11.

മേൽ സംഘങ്ങൾ 09-10 വർഷങ്ങളിൽ കാർഷിക വായ്പ നൽകിയിട്ടില്ല. എറണാകുളം ജില്ലയിലെ കൊച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 760-ഉം, തിരുവാങ്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 26-ഉം കൊച്ചിൻ സിറ്റി സർവ്വീസ് സൊസൈറ്റി ക്ളിപ്തം നമ്പർ 1101-ഉം, ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ളിപ്തം നമ്പർ എച്ച്.ഡബ്ളിയു.11 ഉം ടൗണിലാണ് സ്ഥിതി ചെയ്യുന്നത്. കാർഷിക വായ്പാ അപേക്ഷ ലഭിക്കാത്തതിനാലാണ് ടി സംഘങ്ങൾ/ബാങ്കുകൾക്ക് കാർഷിക വായ്പ നൽകാൻ കഴിയാത്തത്.

ഇടുക്കി ജില്ലയിലെ കോവിലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ കെ. 257 പ്രവർത്തനരഹിതമാണ്. ഇടുക്കി ജില്ലയിലെ വട്ടവട സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ ഐ. 615, 23-11-2009 ലാണ് രജിസ്റ്റർ ചെയ്തത്. ടി സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു വരുന്നതേയുള്ളു. ആയതിനാലാണ് ടി ബാങ്ക്/സംഘത്തിന് കാർഷിക വായ്പ നൽകാൻ കഴിയാത്തത്. 2008-09 വർഷത്തിൽ കാർഷിക വായ്പ നൽകാത്ത 20 സംഘങ്ങൾക്കെതിരെ നടപടികൾ എടുക്കാനും ടി സംഘങ്ങളെ കാർഷികേതര സഹകരണ സംഘങ്ങളായി മാറ്റി തരംതിരിക്കാനും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ടൂറിസം ഡെവലപ്പ്മെന്റ് സഹകരണ സംഘങ്ങൾ

14 (4069) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ടൂറിസം ഡെവലപ്പ്മെന്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly